(2)

# കേരള കലാമണ്ഡലം കല്പിത സർവകലാശാല

## വള്ളത്തോൾ നഗർ

### എംഫിൽ, പിഎച്ച്ഡി (ഇന്റഗ്രേറ്റഡ്), ഡയറക്റ്റ് പി.എച്ച്ഡി, കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള വിജ്ഞാപനം

കെ.കെ.എം.ഡി.യു/ഇ - 2/1293/2020 — തീയതി : 02/11/2020

കേരള കലാമണ്ഡലത്തിൽ 2020 - 21 അധ്യയനവർഷത്തിലെ ഗവേഷണ കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു.

**A). Integrated M.Phil / Ph.D (Performing Arts)**

a. Dance b. Kathakali
c. Kutiyattam d. Thullal
e. Music (Vocal & Instrumental)
f. Vadyam f. Comparative Performance Studies

**B). Integrated M.Phil / Ph.D (Cultural Studies)**

a. Literary Studies b. Aesthetics
c. Comparative Literary Studies d. Folkloristics
e. Kerala Culture f. Fine Arts

**A). Direct Ph.D (Performing Arts)**

a. Dance b. Kathakali
c. Kutiyattam d. Thullal
e. Music (Vocal & Instrumental)
f. Vadyam f. Comparative Performance Studies

**B). Direct Ph.D (Cultural Studies)**

a. Literary Studies b. Aesthetics
c. Comparative Literary Studies d. Folkloristics
e. Kerala Culture f. Fine Arts

കേരള കലാമണ്ഡലം കല്പിതസർവകലാശാലയിൽ നിന്ന് എം.എ.യ്ക്ക് ബന്ധപ്പെട്ട വിഷയങ്ങളിലോ അനുബന്ധ വിഷയങ്ങളിലോ 55% മാർക്കും അല്ലെങ്കിൽ UGC 7 ഗ്രേഡ് പോയിന്റ് സ്കെയിലിലുള്ള കേരള കലാമണ്ഡലത്തിൽ നിന്നും CBCSS Programme- അനുസരിച്ചുള്ള ബി ഗ്രേഡ് നേടിയവർക്കും, സർവകലാശാല അംഗീകരിച്ച, ഇന്ത്യയിലേയോ, വിദേശത്തേയോ ഇതര സർവകലാശാലകളിൽ നിന്നും തത്തുല്യയോഗ്യത നേടിയവർക്കും അപേക്ഷിക്കാം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 50% അല്ലെങ്കിൽ കലാമണ്ഡലം CBCSS Programme-ൽ സി+ ഗ്രേഡ് മതിയാകും. യോഗ്യതാപരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം, എന്നാൽ അഭിമുഖത്തിന് എത്തുമ്പോൾ അസ്സൽ മാർക്ക് ലിസ്റ്റുകളും, സർട്ടിഫിക്കറ്റുകളും ഹാജരാക്കേണ്ടതാണ്. പ്രവേശന പരീക്ഷയുടേയും അഭിമുഖത്തിന്റേയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. പ്രവേശന പരീക്ഷയുടെ വിഷയം 'ഗവേഷണ അഭിരുചിയും രീതി ശാസ്ത്രവും' ആയിരിക്കും. യു.ജി.സി.- ജെ.ആർ.എഫ്. യോഗ്യതയുള്ളവർ പ്രവേശന പരീക്ഷ എഴുതേണ്ടതില്ല. മറ്റുള്ളവർ പ്രവേശന പരീക്ഷ എഴുതുന്നതിന് മുമ്പ് ഫീസായ **500/-** രൂപ അടയ്ക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് പരീക്ഷാ ഫീസിൽ ഇളവ് ഉണ്ടായിരിക്കുന്നതല്ല. ഇന്റഗ്രേറ്റഡ് എം.ഫിൽ./പി.എച്ച്ഡി. കോഴ്സിനുള്ള പരമാവധി പ്രായപരിധി **35** വയസ്സാണ്. പ്രവേശന പരീക്ഷ കലാമണ്ഡലത്തിലെ പുതിയ ക്യാമ്പസ്സിൽ വെച്ച് നടത്തുന്നതാണ്. **50** മാർക്കിന് 2 മണിക്കൂർ ദൈർഘ്യമുള്ളതായിരിക്കും പരീക്ഷ. ഇന്റഗ്രേറ്റഡ് എം.ഫിൽ./പി.എച്ച്ഡി. കോഴ്സിന് **8** സീറ്റും, ഡയറക്ട് പി.എച്ച്ഡി കോഴ്സിന് പരമാവധി **10** സീറ്റുകളുമാണ് ഉള്ളത്. സർവകലാശാല അംഗീകരിച്ചിട്ടുള്ള സംവരണതത്വം പാലിക്കുന്നതാണ്. കലാമണ്ഡലം അംഗീകരിച്ചിട്ടുള്ള റിസർച്ച് ഗൈഡിന്റെ കീഴിലായിരിക്കണം ഗവേഷണം നടത്തേണ്ടത്. വിശദാംശങ്ങൾ **www.kalamandalam.org** എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. മറ്റ് സർവ്വകലാശാലകളിലെ അപേക്ഷകർ ബിരുദാനന്തരബിരുദത്തിന്റെ തുല്യതയ്ക്കുവേണ്ടി സിലബസ്സ്, സ്കീം ഓഫ് എക്സാമിനേഷൻ, കോഴ്സിന്റെ കാലയളവ് എന്നിവയുടെ രേഖകൾ മേലാധികാരികൾ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

അപേക്ഷയും വിശദവിവരങ്ങളടങ്ങിയ പ്രോസ്പെക്റ്റസും പരീക്ഷാ ഫോറവും കലാമണ്ഡലം വെബ്സൈറ്റിൽ നിന്ന് **(www.kalamandalam.org) 2020 നവംബർ 2** മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം പ്രവേശന പരീക്ഷയുടെ അപേക്ഷാ ഫോറവും കൂടി പൂരിപ്പിച്ച് നല്കേണ്ടതാണ്. തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തി എസ്.ബി.ഐ. ശാഖയിൽ **രജിസ്ട്രാർ, കേരള കലാമണ്ഡലം** എന്ന പേരിലുള്ള **30238237798** അക്കൗണ്ട് നമ്പറിലേക്ക് **(IFSC Code SBIN0070971)** ഗവേഷണ അപേക്ഷയ്ക്ക് **700/-** രൂപയും ഗവേഷണപ്രവേശന പരീക്ഷ അപേക്ഷയ്ക്ക് **100/-** രൂപയും അടച്ച കൗണ്ടർ ഫോയിൽ **(account pay-in slip)**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. എസ്.സി/എസ്.ടി വിഭാഗക്കാർക്ക് അപേക്ഷാഫോമിന് **350/-** രൂപയും ഗവേഷണപ്രവേശന പരീക്ഷ അപേക്ഷയ്ക്ക് **100/-** രൂപയും അടച്ചാൽ മതിയാകുന്നതാണ്. കൗണ്ടർ ഫോയിലിൽ അപേക്ഷകന്റെ പേര് ചേർത്തിരിക്കണം. കൗണ്ടർഫോയിൽ സമർപ്പിക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല. പൂരിപ്പിച്ച അപേക്ഷകൾ വയസ്സ്, ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടേയും മാർക്ക് ലിസ്റ്റുകളുടേയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളോടുകൂടി **രജിസ്ട്രാർ, കേരള കലാമണ്ഡലം, വള്ളത്തോൾനഗർ, തൃശ്ശൂർ - 679531** എന്ന വിലാസത്തിൽ **2020 നവംബർ 23 - ാം തീയതി 4 മണിയ്ക്ക്** മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. [കോവിഡ് 19 - ന്റെ പശ്ചാത്തലത്തിൽ പ്രവേശനപരീക്ഷ തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും].

Kerala Kalamandalam Deemed University for Art & Culture
CHERUTHURUTHY
Date...........

രജിസ്ട്രാർ
കേരള കലാമണ്ഡലം
2